## വനംവകുപ്പ് ആസ്ഥാനത്തെ ഭരണ വിഭാഗത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

വിഷയം :- വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - 35-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് 19000-43600 ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ കുമാരി അമ്പിളി. പി. എ. ക്ക് നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്) 193/2017/ജി. എ.ഡി. തീയതി 07.06.2017.
2. സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്) 235/2017/ജി. എ.ഡി. തീയതി 22.07.2017
3. കുമാരി അമ്പിളി. പി.എ. യുടെ 31.07.2017 ലെ അപേക്ഷ

**ഉത്തരവ് നമ്പർ ഇ3-39606/17 തീയതി 04.08.2017**

35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാനത്തിന് വേണ്ടി മെഡൽ നേടിയ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനായി വിവിധ വകുപ്പുകളിലായി സൂപ്പർ ന്യൂമററി വ്യവസ്ഥയിൽ 68 ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ 2 തസ്തികകൾ വനം - വന്യജീവി വകുപ്പിലാണ് സൃഷ്ടിച്ചിട്ടുള്ളത്. ടി ഒഴിവിലേക്ക് 35-ാമത് ദേശീയ ഗെയിംസിൽ പങ്കെടുത്ത് മെഡൽ നേടിയ കുമാരി അമ്പിളി. പി.എ. പടിഞ്ഞാറെ മുറിയിൽ ഹൗസ്, കൊട്ടിയൂർ പി.ഒ. കണ്ണൂർ എന്ന കായിക താരത്തിന് നിയമനം നൽകിക്കൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ ടിയാൾക്ക് പരിശീലന സൗകര്യത്തിനായി ആവശ്യപ്പെടുന്ന സ്ഥലത്ത് നിയമനം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടിയാൾ കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ സ്വദേശിയാണ്. ആയതിനാൽ ടിയാൾക്ക് കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ റെയിഞ്ചിൽ നിയമനം നൽകണമെന്ന് സൂചന (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 35-ാം ദേശീയ ഗെയിംസിൽ മെഡൽ നേടിയ കുമാരി അമ്പിളി. പി.എ.ക്ക് സൂപ്പർ ന്യൂമററി വ്യവസ്ഥയിൽ 19000-43600 ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ കണ്ണൂർ ഡിവിഷനിലെ കൊട്ടിയൂർ റെയിഞ്ചിൽ ചുവടെപ്പറയുന്ന നിബന്ധനകൾ പ്രകാരം നിയമനം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

*നിബന്ധനകൾ*

1. *ഈ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളിൽ കുമാരി അമ്പിളി. പി.എ.യെ അല്ലാതെ മറ്റാരേയും നിയമിക്കുന്നതല്ല. ടിയാൾ വിരമിക്കുകയോ മറ്റ് റഗുലർ തസ്തികകളിൽ ഉൾപ്പെടുകയോ ചെയ്യുന്നതോടെ ടി തസ്തിക ഇല്ലാതാകുന്നതാണ്.*
2. *ഈ ഉത്തരവ് ലഭിച്ച് ജോലിയിൽ പ്രവേശിച്ച് തീയതി മുതൽ 4 വർഷമോ, അല്ലെങ്കിൽ 35 വയസ്സോ ഏതാണോ ആദ്യം വരുന്നത് അതുവരെ ടിയാൾ ബന്ധപ്പെട്ട കായിക ഇനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുള്ള സത്യപ്രസ്താവന ജോലിയിൽ പ്രവേശിക്കുമ്പോൾ നൽകേണ്ടതാണ്.*
3. *ടി സൂപ്പർ ന്യൂമററി തസ്തികയിലെ ടിയാളുടെ നിയമനം ഒരു റഗുലർ തസ്തികയിൽ ക്രമപ്പെടുത്തിയതിനുശേഷം മാത്രമേ പ്രൊബേഷനും ഉദ്യോഗക്കയറ്റത്തിനുമുള്ള യോഗ്യത ടിയാൾക്ക് ലഭിക്കുകയുള്ളൂ.*
4. *സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ചു നിലവിലുള്ള ചട്ടങ്ങളും, നിയമങ്ങളും ടി ഉദ്യോഗാർത്ഥിക്കും ബാധകമായിരിക്കും.*

ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മുമ്പാകെ താഴെപ്പറയുന്ന രേഖകളുമായി ഹാജരാകേണ്ടതാണ്.

- പേര്, ജനനതീയതി, ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ.
- അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൂടാതെ 30.06.2011-ലെ 20/2011/ഉ.ഭ.പ.വ. സർക്കുലറിൽ നിർദ്ദേശിച്ചിരിക്കും പ്രകാരം പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റിൽ താങ്കളുടെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്.
- സ്വഭാവം പൂർവ്വകാലചരിത്രവും സാക്ഷ്യപ്പെടുത്തികൊണ്ട് രണ്ട് ഗസറ്റഡ് ഓഫീസർമാരിൽ നിന്നും ഫോറം II ലുള്ള സർട്ടിഫിക്കറ്റ്.
- ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയും സ്പാർക്ക് ഫോമും യഥാവിധി പൂരിപ്പിച്ച് ഹാജരാക്കേണ്ടതാണ്.
- ജോലിയിൽ പ്രവേശിച്ച് 10 ദിവസത്തിനകം സംസ്ഥാന സർക്കാർ ജീനക്കാർക്കുള്ള പുതിയ ഒരു സർവ്വീസ് ബുക്കും, 2 പാസ്പോർട്ട് സൈസ് ഫോട്ടോയും (6 മാസത്തിനുള്ളിൽ എടുത്തത്) ഹാജരാക്കേണ്ടതാണ്.

- ജോലിയിൽ പ്രവേശിച്ച് 10 ദിവസത്തിനകം സംസ്ഥാന സർക്കാർ ജീനക്കാർക്കുള്ള പുതിയ ഒരു സർവ്വീസ് ബുക്കും, 2 പാസ്പോർട്ട് സൈസ് ഫോട്ടോയും (6 മാസത്തിനുള്ളിൽ എടുത്തത്) ഹാജരാക്കേണ്ടതാണ്.
- ടിയാളുടെ ജനന തീയതി ജോലിയിൽ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതാണ്. ജനനതീയതി തിരുത്തുന്നതു സംബന്ധിച്ച് പിന്നീട് ഏതെങ്കിലും അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ അത് ടിയാൻ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനകം സർക്കാർ ഉത്തരവ് (പി) നമ്പർ 45/1991/പി& എ.ആർ.ഡി. തീയതി 30.12.1999-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹാജരാക്കേണ്ടതാണ്. ടിയാളുടെ സ്വഭാവവും പെരുമാറ്റവും തൃപ്തികരമാണെന്ന് പിന്നീടുള്ള പരിശോധനയിലൂടെ ഉറപ്പു വരുത്തിയാൽ മാത്രമേ ടിയാൾക്ക് (3)-ൽ പറയുന്ന നിബന്ധന പ്രകാരം റഗുലർ സർവ്വീസിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.
- 03.04.2013-ലെ ജി.ഒ.(പി) നമ്പർ 149/13/ഫിൻ പ്രകാരം ടി ഉദ്യോഗാർത്ഥിയുടെ നിയമനം നാഷണൽ പെൻഷൻ സിസ്റ്റം വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>രജി.എ.ഡി.</u>**

കുമാരി അമ്പിളി. പി.എ., പടിഞ്ഞാറെ മുറിയിൽ ഹൗസ്, കൊട്ടിയൂർ പി.ഒ. കണ്ണൂർ- 670 651

**പകർപ്പ്:**

1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ, കണ്ണൂരിന് നൽകുന്നു.
   കുമാരി അമ്പിളി പി.എ.ക്ക് ഉത്തരവ് പ്രകാരം നിയമനം നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ.
4. റെയിഞ്ചോഫീസർ, കൊട്ടിയൂർ റെയിഞ്ച്.
5. സർവ്വീസ് ബുക്ക്/ സ്റ്റോക്ക് ഫയൽ

*D:Sobhana.V.S/proceedings/E3/E3-39606/17*